"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - തിരുവനന്തപുരം ജില്ലയിലെ പാലോട് റെയിഞ്ചിൽ പച്ചമല സെക്ഷനിൽ ഷെഡ്യൂൾ III വിഭാഗത്തിൽപ്പെട്ട കേഴമാനിന്റെ ജഡം അലക്ഷ്യമായി കൈകാര്യം ചെയ്തതും, ഭക്ഷണത്തിനുപയോഗിച്ചതുമായ വിഷയം - സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീഅരുൺലാലിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.265/2022/F&WLD തീയതി,തിരുവനന്തപുരം, 18-06-2022

പരാമർശം:-

1. തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 13.06.2022-ലെ ഇ1/4125/2022 നമ്പർ ഉത്തരവ്
2. 16.06.2022-ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ KFDHQ/2726/2022-CWW/WL8 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പാലോട് റെയിഞ്ചിൽ പച്ചമല സെക്ഷനിൽ ആനപ്പെട്ടി ഭാഗത്ത് മരണപ്പെട്ട കേഴമാനിനെ (Barking deer) ദിവസക്കൂലി വാച്ചറുമൊത്ത് എടുത്തുകൊണ്ടുപോകുകയും നടപടിക്രമങ്ങൾ പാലിക്കാതെ കാലങ്കാവ് ഭാഗത്ത് വലിച്ചെറിയുകയും ഭക്ഷണത്തിനുപയോഗിക്കുകയും ചെയ്തതിലൂടെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.എസ്.ഷജീദിന്റെ ഭാഗത്ത് ഗുരുതരമായ കൃത്യവിലോപം സംഭവിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടതിനെ തുടർന്ന് ടിയാനെ സൂചന (1)-ലെ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വന്യജീവികളെ സംരക്ഷിക്കാൻ ഉത്തരവാദപ്പെട്ട വനം വകുപ്പിലെ ഉദ്യോഗസ്ഥർ തന്നെ വന്യജീവി സംരക്ഷണ നിയമത്തിന്റെ പട്ടിക III-ൽ പെട്ട വന്യജീവിയെ ഭക്ഷണത്തിനായി ഉപയോഗിച്ചു എന്നത് ഗുരുതരമായ സംഭവമാണ്. 10.05.2022-ൽ നടന്ന സംഭവത്തിൽ അങ്ങനെയൊരു സംഭവം നടന്നതായോ പരാതി ലഭിച്ചതായോ കേസ് എടുത്തതായോ യാതൊരു രേഖപ്പെടുത്തലും ഉണ്ടായില്ല എന്നും ഇതു സംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും കാണുന്നു. 10.05.2022-ൽ നടന്ന സംഭവുമായി ബന്ധപ്പെട്ട് 13.06.2022-ൽ മാത്രമാണ് അച്ചടക്ക നടപടിക്ക് റെയ്ഞ്ച് ഓഫീസർ ശുപാർശ ചെയ്തത്. ഉത്തരവാദപ്പെട്ട സെക്ഷൻ ഫോറസ്റ്റ് ഓഫീസറിൽ നിന്നും റെയിഞ്ച് ഓഫീസറിൽ നിന്നും നിയമാനുസൃതം ആവശ്യമായ അടിയന്തര നടപടികൾ

സ്വീകരിച്ചതായി കാണുന്നില്ല.

മേൽപ്പറഞ്ഞ ആരോപണങ്ങൾ ഗൗരവമേറിയതും പ്രഥമദൃഷ്ട്യാ കഴമ്പുള്ളതുമാണെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ കൃത്യവിലോപവും അനാസ്ഥയും കാട്ടിയെന്ന് കണ്ടെത്തിയ സാഹചര്യവും പരിഗണിച്ച് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീഅരുൺലാൽ സർവീസിൽ തുടരുന്നത് യുക്തമല്ല എന്ന് കണ്ടതിനാൽ ടിയാനെ 1960-ലെ കേരള സിവിൽ സർ വ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 10 (1) (എ) പ്രകാരം അച്ചടക്ക നടപടിയ്ക്ക് വിധേയമായി ഉടനടി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

പാലോട് റെയിഞ്ച് ഓഫീസറെയും സംഭവ ദിവസങ്ങളിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ബന്ധപ്പെട്ട ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും അടിയന്തരമായി സ്ഥലം മാറ്റുന്നതിനു വേണ്ട നടപടി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയത്തിൽ അടിയന്തരമായി വിജിലൻസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാനും വീഴ്ച വരുത്തിയ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കെതിരെയും കാലതാമസം കൂടാതെ അച്ചടക്ക നടപടി സ്വീകരിക്കുവാനും വേണ്ട നടപടികൾ മുഖ്യ വനപാലകൻ സ്വീകരിക്കേണ്ടതാണ്.

ശ്രീ.അരുൺലാൽ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &

ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.അരുൺലാൽ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സ.ഉ.(സാധാ) നം.265/2022/F&WLD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 18-06-2022 18:42:51
സെക്ഷൻ ഓഫീസർ